## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4540

04.2.2014- ൽ
മറുപടിക്ക്

### കയർഗ്രാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ:<br>,, കെ.ശിവദാസൻ നായർ:<br>,, കെ.മുരളീധരൻ:<br>,, ഹൈബി ഈഡൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ);ടൂറിസവുമായി ബന്ധപ്പെടുത്തി കയർഗ്രാമം സ്ഥാപിക്കാനുദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃകാ കയർ ഗ്രാമം സ്ഥാപിക്കാനുദ്ദേശി ക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളും കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യ സംരംഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേ ക്ക് ഹോൾഡേഴ്സിന്റേയും സഹകരണത്തോടു കൂടി പദ്ധതി നടപ്പാക്കണമെ ന്നാണ് ഉദ്ദേശിക്കുന്നത്. |
| **(ബി)** എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ; | **(ബി)** കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേക്കായി ഒരു കയർ ഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നാളികേരത്തിന്റെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപ്പെടുത്തുന്നതു മുതൽ ആകർഷകങ്ങളായ വിവിധയിനം കയറുല്പന്ന ങ്ങൾ നിർമ്മിക്കുന്നതിലേക്കായി മനുഷ്യ നിർമ്മിതവും യന്ത്ര നിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ |

| | |
|---|---|
| | ആവശ്യമായിട്ടു ണ്ട്. ഈ പ്രക്രിയകൾ സഞ്ചാരികൾക്കായി സജ്ജീകരിക്കുന്നതിലൂടെ കയറുല്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിടുന്നു ണ്ട്. ഇതവഴി കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ന്യായമായ വേതനം ഉറപ്പു വരുത്തുന്നതിനും കഴിയും. |
| സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പ ദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത് വിശദമാക്കുമോ: | സി) സ്ഥലം ലഭ്യമായി അതിനനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ ഇത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കാൻ കഴിയുകയുള്ളു. ഉല്പന്നങ്ങൾ സ്വദേശ വിദേശ സഞ്ചാരികൾക്കും പരിചയപ്പെടുത്തി വിപണനം മെച്ചപ്പെടുത്തുക എന്നതാണ് പൊതുവായി ഉദ്ദേശിക്കുന്നത് |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽ കുമോ? | ഡി) ചേർത്തല താലൂക്ക് പള്ളിപ്പുറം വില്ലേജിൽ വ്യവസായ വകുപ്പിന്റെ കീഴിൽ വേമ്പനാട്ട് കായലിന് അഭിമുഖമായി ഉള്ള 06 ഹെക്ടർ 64 ആർ 04 ച. മീറ്റർ സ്ഥലം പ്രസ്തുത പദ്ധതിക്കായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ